LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2011 ജനുവരി 3, തിങ്കൾ

വാല്യം 144] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2011 ജനുവരി മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ശ്രദ്ധ ക്ഷണിക്കൽ

I. ശ്രദ്ധ ക്ഷണിക്കൽ

(1) ഇന്റേണൽ അസസ്സ്മെന്റിലെ അപാകത

ശ്രീ. എം. എ വാഹീദ്: സർ, നമ്മുടെ സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വളരെയേറെ കൂടിവരികയാണ്. ഇപ്പോൾത്തന്നെ ഒരുപാട് എണ്ണം പുതുതായി അനുവദിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത പ്രദേശങ്ങൾ ഒന്നുംതന്നെയില്ല. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് സമ്പ്രദായം ഇപ്പോൾ ഒരു വലിയ സാമൂഹിക പ്രശ്നം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ ഒരു സ്വകാര്യ സ്വാശ്രയ കോളേജിൽ ഒരു കോഴ്സിൽ പഠിച്ച മുഴുവൻ കുട്ടികളും dropout ആയിപ്പോയി. അവർ പഠിക്കാത്തതുകൊണ്ടോ, പരീക്ഷയിൽ മാർക്ക് വാങ്ങാത്തതുകൊണ്ടോ, പ്രാക്ടിക്കൽ പരീക്ഷയിൽ നല്ല മാർക്ക് വാങ്ങാത്തതുകൊണ്ടോ അല്ല. ഒരു അദ്ധ്യാപകന്റെ ചില തെറ്റായ നടപടികൾക്കെതിരെ പ്രതിഷേധിച്ചതിന് ഒരു ബാച്ചിലെ മുഴുവൻ കുട്ടികളുടെയും ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് അഞ്ച് മാർക്കിന് താഴെയാക്കുകയും ആ ബാച്ചിലെ മുഴുവൻ കുട്ടികളുടെയും ഭാവി അവതാളത്തിലാക്കുകയും അവരിപ്പോൾ ഒരു നിവൃത്തിയുമില്ലാതെ ഈ ജില്ലയുടെ പല ഭാഗങ്ങളിലുമായി തെണ്ടിത്തിരിഞ്ഞു നടക്കുകയുമാണ്. അവരെ മുഴുവനും അനാഥരാക്കിയിരിക്കുകയാണ്. നെയ്യാറ്റിൻകരയിലെ ഒരു വിദ്യാലയത്തിൽ എസ്. എഫ്. ഐ.-യുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശിക്ഷ്യനായ ഒരാൾ ഇന്റേണൽ അസസ്സ്മെന്റ് മാർക്കിലെ കുറവു കൊണ്ട് മൂന്നുവർഷം പഠിച്ച കോഴ്സ് ഉപേക്ഷിക്കേണ്ടി വരികയും ആത്മഹത്യ ചെയ്യുകയും ചെയ്തു. എന്റെ നിയോജക മണ്ഡലത്തിലെ ചേങ്കോട്ടുകോണത്തെ ചെറുപ്പക്കാരനായ ആ കുട്ടി, ഒരു വീട്ടിൽ ഒരു അംഗം മാത്രമുള്ള

LIBRARY ARCHIVES Kerala Legislative Assembly

എസ്.എഫ്.ഐ. നേതാവായ ആ കുട്ടി ആത്മഹത്യ ചെയ്യേണ്ടിവന്നു. അങ്ങനെ നമ്മുടെ നാട്ടിൽ അറിഞ്ഞതും അറിഞ്ഞാതതുമായ കുട്ടികളിൽ പലരും ഇതേപോലെ പ്രൊഫഷണൽ കോളേജുകളിൽ പഠിച്ച് നല്ല മാർക്കുകൾ വാങ്ങി പാസ്സായി ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് ഇല്ലാത്തതുകൊണ്ട് ആത്മഹത്യാവക്കിലെത്തുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുകയാണ്. അതുകൊണ്ട് നാട്ടിൽ ഇത് വലിയൊരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണ്. ചില പ്രൊഫഷണൽ കോളേജുകളിൽ വിവാഹിതരായ വിദ്യാർത്ഥികളുണ്ടെങ്കിൽ അവിവാഹിതരായ അദ്ധ്യാപകർക്ക് വിവാഹിതരായ വിദ്യാർത്ഥിനികളെ കാണുന്നതേ ഇഷ്ടമല്ല. നല്ല വസ്ത്രങ്ങൾ ധരിച്ചുവരികയോ കല്ല്യാണ വേഷത്തിൽ വരികയോ ചെയ്യുകയാണെങ്കിൽ പിറ്റേന്ന് ആ കുട്ടികളെ നോട്ടപ്പുള്ളികളാക്കുകയാണ്. ടെക്നോപാർക്കുപോലെ പ്രബലമായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ആ കുട്ടികൾ ഇന്നും പാസ്സായിട്ടില്ല. കാരണം ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് ആണ്. ഈ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് കാരണം തിരുവനന്തപുരം ടെക്നോപാർക്കിൽത്തന്നെ ഉന്നത നിലവാരത്തിൽ ജോലിയെടുക്കുന്ന ഒരുപാട് കുട്ടികൾ പാസ്സാകാൻ കഴിയാതെ വിഷമിക്കുന്നവരുണ്ട്. അത് ടെക്നോപാർക്കിലെ സ്ഥിതിയാണ്. അതുപോലെ ഒരുപാട് സ്ഥാപനങ്ങളിൽ ഇതുപോലെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് കിട്ടാത്തതുകൊണ്ട് ഡിഗ്രിയെടുക്കാൻ കഴിയാത്തവരുണ്ട്. ഇതൊരു വലിയ ദുഃസ്ഥിതിയാണ്. ഇത് വിദ്യാർത്ഥികളുടെ തലയ്ക്കുമുകളിൽ നിൽക്കുന്നൊരു ഖഡ്ഗം ആണ്. എത്ര നല്ലവണ്ണം പഠിച്ചാലും മാക്സിമം മാർക്ക് വാങ്ങിയാലും ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് രണ്ട് മാർക്ക്, മൂന്ന് മാർക്ക് ഇട്ടുകൊണ്ട് കുട്ടികളുടെ ശിരച്ഛേദം വരുത്തുന്ന ഒരു സ്ഥിതിവിശേഷത്തിലേക്കാണ് നമ്മുടെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് ഒന്നുകിൽ വളരെ കുറയ്ക്കുകയോ അതല്ലെങ്കിൽ ഈ സമ്പ്രദായം എടുത്തുകളയുകയോ ചെയ്യണം. സി. എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഡീറ്റെൻഷൻ സമ്പ്രദായം നിർത്തലാക്കാൻ തീരുമാനമെടുത്തൊരു സഭയാണ് ഇത്. ഈ സമ്പ്രദായം കൊണ്ട് കുശുമ്പും നുണകളും കാരണം വിദ്യാർത്ഥികളെ detain ചെയ്ത് വിദ്യാഭ്യാസ മേഖലയിൽനിന്ന് dropout-കളാക്കി സമൂഹത്തിലേക്ക് തള്ളിക്കൊടുക്കുന്നൊരു സ്ഥിതിവിശേഷം ഒരു കാലത്ത് ഉണ്ടായിരുന്നു. ഈ ഡീറ്റെൻഷൻ സമ്പ്രദായം മഹാനായ സി.എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പൂർണ്ണമായും എടുത്തുകളഞ്ഞു. അതുകൊണ്ടാണ് ഞങ്ങൾക്കൊക്കെ ഡിഗ്രിയെടുക്കാൻ സാധ്യമായതത്. അല്ലെങ്കിൽ പ്രീ-ഡിഗ്രി സമയത്തുതന്നെ ഞങ്ങളെയൊക്കെ തല വിച്ചേദിച്ച് കളയുമായിരുന്നേനെ. എന്നെപ്പോലെ ഒരുപാട് കുട്ടികൾ, വിദ്യാർത്ഥി രാഷ്ട്രീയത്തിൽ പ്രവർത്തിച്ചവർ, കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ പ്രവർത്തിച്ചവർ ഇവരെയൊക്കെ ചില അദ്ധ്യാപകർക്ക് കണ്ണുകൂടാ. അതേ സ്ഥിതിവിശേഷമാണ് ഇന്ന് കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകളിൽ നടക്കുന്നത്. ഇതൊരു സാമൂഹിക പ്രശ്നമായി മാറുകയും

വൻതുകകൾ കൊടുത്ത് അഡ്മിഷൻ വാങ്ങിയവരും നല്ല ശമ്പളം വാങ്ങി ടെക്നോപാർക്കുപോലുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് അല്ലെങ്കിൽ തൊഴിലാളികൾക്ക്, ജീവനക്കാർക്ക് ഡിഗ്രിയെടുക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷത്തിലേക്ക് നമ്മുടെ ഈ സാമൂഹിക വ്യവസ്ഥ കൊണ്ടെത്തിച്ചിരിക്കുകയുമാണ്. ഇത് അദ്ധ്യാപകർക്ക് കൊടുത്തിരിക്കുന്ന ഒരു ആയുധമാണ്. ഈ ആയുധം ആരുടെ പുറത്തും ചേർക്കാം. ഏത് കുട്ടികളുടെ പുറത്തും ചേർക്കാം. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മക്കളുടെ പുറത്തും ചേർക്കാം. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി പിതാവെന്ന നിലയിൽ പിതാവിന്റേതായ ഒരു വികാരത്തോടുകൂടി, ഒരു രക്ഷകർത്താവിന്റേതായ വികാരത്തോടുകൂടി കണ്ടുകൊണ്ട് ഈ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് സമ്പ്രദായം നമ്മുടെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പൂർണ്ണമായും നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ബഹുമാനപ്പെട്ട അംഗം വളരെ വികാരഭരിതനായിട്ടാണ് ഈ വിഷയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞത് ഒരു യാഥാർത്ഥ്യമാണ്. പല വിദ്യാഭ്യാസസ്ഥാപനങ്ങളിലും വിശേഷിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അനഭിലഷണീയമായ ചില കാര്യങ്ങൾ നടക്കുന്നുണ്ട്. അവിടത്തെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടക്കുന്ന മൂല്യ നിർണ്ണയത്തെ സംബന്ധിച്ച് പൊതുവിൽ പല പരാതികളും ഉയർന്നു വരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത്തരം പരാതികൾ കൂടുതൽ ഉയർന്നുവരുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതേസമയം ആന്തരികമൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട നമ്മുടെ സമീപനം എന്തായിരിക്കണം എന്നുള്ളതും നമുക്ക് ഈ ഘട്ടത്തിൽ മറന്നുപോകാൻ കഴിയില്ല. വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ അത് നമ്മുടെ മക്കൾ ഇപ്പോൾ പഠിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല പഠിക്കുന്ന മക്കളില്ലാത്ത അംഗങ്ങൾ ഇവിടെ ഉണ്ടായെന്ന് വരും. പക്ഷേ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുഞ്ഞുങ്ങളുടെയെല്ലാം വിദ്യാഭ്യാസ ഭാവി, അവരുടെ സുരക്ഷിതത്വം അവർ മനസ്സ് തകർന്ന് ആത്മ ഹത്യയിലേയ്ക്കൊക്കെ തള്ളിവിടുന്നതുപോലുള്ള സാഹചര്യം ഇതൊക്കെ ഒഴിവാക്കാൻ നമുക്ക് കഴിയണം. ബഹുമാനപ്പെട്ട അംഗം ഈ വിഷയം മുമ്പും ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്തരിക മൂല്യനിർണ്ണയത്തിന് മാർക്ക് നൽകുന്നത് ഇപ്പോൾ ശാസ്ത്രീയമായ തുടർ മൂല്യനിർണ്ണയരീതിയുടെ അടിസ്ഥാനത്തിലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ടെസ്റ്റ്പേപ്പർ, അസൈൻമെന്റുകൾ തുടങ്ങിയവയിൽനിന്നും കിട്ടുന്ന സ്കോറും ഹാജരിന്റെ ശതമാനവും അനുസരിച്ചാണ് മാർക്ക് നൽകുന്നത്. ഇതനുസരിച്ച് പോളിടെക്നിക് കോളേജുകളിൽ ടെസ്റ്റ്പേപ്പർ, അസൈൻമെന്റ് എന്നിവയ്ക്ക് 40 ശതമാനം വീതവും ഹാജരിന് 20 ശതമാനവുമാണ് മാർക്ക് നൽകുന്നത്. എൻജിനീയറിംഗ് കോളേജുകളിലും ഇതുപോലെ ടെസ്റ്റ്പേപ്പർ, അസൈൻമെന്റ്,

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് വർക്ക്, ഹാജർ എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ശതമാനം നിശ്ചയിച്ചിട്ടുണ്ട്. 90 ശതമാനത്തിന് മുകളിൽ ഹാജരുള്ള കുട്ടിക്ക് ഹാജരിനായി മാറ്റിവച്ചിരിക്കുന്ന 20 ശതമാനം മാർക്കും ലഭിക്കുന്നതാണ്. ഒരു അദ്ധ്യാപകൻ വിചാരിച്ചാലും അതിൽ കുറവ് വരുത്താൻ കഴിയില്ല. ബന്ധപ്പെട്ട അദ്ധ്യാപകൻ ഹാജർ നിലവാരം, ആന്തരികമൂല്യനിർണ്ണയം തുടങ്ങിയവയ്ക്കുള്ള മാർക്ക് നൽകുന്നതിനുള്ള രേഖകൾ ഇതിനായി പ്രത്യേകം സൂക്ഷിച്ചിട്ടുള്ള ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. പരാതിയുള്ള വിദ്യാർത്ഥികൾക്ക് മേലധികാരികളോട് തങ്ങളുടെ പരാതി രേഖാമൂലം എഴുതിനൽകുവാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. ആന്തരികമൂല്യനിർണ്ണയ മാർക്ക് പരീക്ഷ തുടങ്ങുന്നതിന് ഒരാഴ്ച മുമ്പെങ്കിലും പ്രസിദ്ധീകരിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ആന്തരികമൂല്യനിർണ്ണയ മാർക്ക് കുറഞ്ഞതുകൊണ്ടുമാത്രം ഒരു വിദ്യാർത്ഥി പരീക്ഷയ്ക്ക് തോൽക്കുന്നില്ല. കാരണം ആന്തരികമൂല്യനിർണ്ണയത്തിന് നിശ്ചിത ശതമാനം മാർക്ക് നിഷ്ക്കർഷിച്ചിട്ടില്ല.

എഴുത്തുപരീക്ഷയ്ക്കും ആന്തരിക മൂല്യനിർണ്ണയത്തിനും കൂടി ആകെ എഞ്ചിനീയറിംഗിന് 50 ശതമാനം മാർക്കും പോളിടെക്നിക്കിന് 40 ശതമാനം മാർക്കും ലഭിക്കുമെങ്കിൽ ആ വിദ്യാർത്ഥി വിജയിക്കുന്നതാണ്. പ്രൊഫഷണൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരവും പ്രായോഗിക പരിജ്ഞാനവും ഉറപ്പുവരുന്നതിനുവേണ്ടി വിദഗ്ദ്ധതലത്തിൽ വിശദമായ ചർച്ചയ്ക്കുശേഷമാണ് ആന്തരിക മൂല്യനിർണ്ണയ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ഈ സമ്പ്രദായമാകെ എടുത്തുകളയുക എന്നുള്ളത് 'throwing the baby along with the bathwater' എന്ന് പറയുന്നതുപോലെയുള്ള ഒരു തെറ്റായിരിക്കും ചെയ്യുക എന്ന് നമ്മൾ മനസ്സിലാക്കണം. എന്നാൽ ആന്തരിക മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട പരാതികൾ പലതും ഉയർന്നു വരുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് പരീക്ഷാ സംബന്ധമായ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ഇന്റേണൽ പരീക്ഷകൾ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും ഒരു പരീക്ഷാ മേൽനോട്ട സമിതിയും ഡിപ്പാർട്ട്മെന്റൽ കമ്മിറ്റിയും പുതുതായി രൂപീകരിക്കാൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥി പ്രതിനിധികൾ ഉൾപ്പെടുന്ന സമിതികൾ ഈ വർഷം മുതൽ പ്രവർത്തിച്ചുതുടങ്ങും. ഈ സംവിധാനം കാര്യക്ഷമമാക്കി ഭാവിയിൽ ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന് പുറമേ ബഹുമാനപ്പെട്ട അംഗം ചില പ്രത്യേക കേസ്സുകൾ ഇവിടെ പറഞ്ഞു. അത്തരം കേസ്സുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഉചിതമായ സംവിധാനം വഴി അത് അന്വേഷിച്ച് നടപടിയെടുക്കാം.

മി. സ്പീക്കർ: ഇന്റേണൽ അസസ്മെന്റ് മാർക്ക് കുറയ്ക്കാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

ശ്രീ. എം. എ. ബേബി: ഇന്റേണൽ അസസ്മെന്റിന്റെ മാർക്ക് കുറഞ്ഞാൽ ഞാൻ ചൂണ്ടിക്കാണിച്ചപോലെ അത് ഒരു ഭാഗം മാത്രമാണ്. അതുമാത്രമല്ല, ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതോടുകൂടി ആന്തരിക മൂല്യനിർണ്ണയത്തിന്റെ പ്രാധാന്യം വർദ്ധിക്കുകയാണ്. മറ്റ് രാജ്യങ്ങളിലെല്ലാം ഇപ്പോൾ ആന്തരിക മൂല്യനിർണ്ണയമാണ് അടിസ്ഥാന മൂല്യനിർണ്ണയം. അതാണ് യാഥാർത്ഥ്യം.

<u>ശ്രീ. എം. എ. വാഹീദ്:</u> മറ്റ് രാജ്യങ്ങളിൽ ചെയ്യുമ്പോലെയല്ല നമ്മുടെ സംസ്ഥാനത്ത് ചെയ്യുന്നത്. വളരെ വ്യത്യസ്തമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ സമരപരിപാടിയിലാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പാർട്ടിയുടെ വിദ്യാർത്ഥി വിഭാഗമായ എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ നിരന്തരം സമരത്തിലാണ്. എന്റെ ചോദ്യം, ബഹുമാനപ്പെട്ട ചെയർ പറഞ്ഞ ചോദ്യം പോലെ തന്നെയാണ്. ഇതിന്റെ ശതമാനം ഒന്ന് കുറയ്ക്കാൻ പറ്റുമോ? 90 ശതമാനത്തോളം ഇന്റേണൽ അസസ്സ്മെന്റ് ഉണ്ടാക്കി കുട്ടികളെ കഴുത്ത് ഞെരിക്കുന്നതിനേക്കാൾ അതിന്റെ ശതമാനം ഒന്ന് കുറച്ച് അങ്ങനെയെങ്കിലും വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും രക്ഷിക്കാൻ രക്ഷകനായ അങ്ങ് ഈ ആന്തരിക മൂല്യനിർണ്ണയത്തിൽ കടന്നുകയറുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. എം. എ. ബേബി:</u> ഇപ്പോൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഘടനയിൽ നിന്നുകൊണ്ട് ഇൻഡ്യയിലെ ഏറ്റവും പ്രശസ്തനായ ഈ രംഗത്തെ ഒരു വിദഗ്ദ്ധൻ ഡോ. ജേക്കബ് താരു, അദ്ദേഹം ഹൈദ്രാബാദ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ പരീക്ഷാ പരിഷ്ക്കരണത്തിന് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഈ വിഷയങ്ങളെല്ലാം പരിഗണിക്കുന്നുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയങ്ങളെല്ലാം ഒന്നുകൂടി പരിശോധിക്കാം.

(2) മദ്യത്തിന്റെ അമിത ഉപഭോഗം തടയാൻ നടപടി

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, കേരളത്തിന്റെ സാംസ്കാരിക സാമൂഹ്യ മണ്ഡലത്തിൽ വ്യാപിച്ചുവരുന്ന ഒരു വലിയ വിപത്ത് നിയന്ത്രിക്കുന്നതിനു വേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിൽ മദ്യപാനാസക്തി വർദ്ധിച്ചുവരുന്നതായിട്ടാണ് റിപ്പോർട്ടുകളെല്ലാം സൂചിപ്പിക്കുന്നത്. കേരള സമൂഹത്തിൽ 15 വയസ്സിനും 49 വയസ്സിനുമിടയിലുള്ള ആളുകളുടെ സർവ്വേ നടത്തിയപ്പോൾ 45.2 ശതമാനം പേരും കടുത്ത മദ്യപാനം ഉള്ളവരാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നുവെന്നാണ് പറയുന്നത്. ഈ പുതുവർഷത്തിൽ കഴിഞ്ഞ ഡിസംബർ 31-ന് 32.86 കോടി രൂപയുടെ മദ്യമാണ് ചെലവായത് എന്ന് പറയുന്നു. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ് ഇതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിക്കുന്നതിനുപുറമേ അതിന്റെ ഇരട്ടിയിലധികം മറ്റ് രീതിയിലും കേരളത്തിൽ മദ്യം വിറ്റഴിക്കുന്നുവെന്നാണ് സൂചന. ബിവറേജസ് കോർപ്പറേഷൻ വഴിതന്നെ നാലായിരം കോടി രൂപയുടെ മദ്യം ചെലവായെന്ന് പറയുന്നു. അതിനുപുറമേ പട്ടാള കാന്റീനിൽനിന്ന് വരുന്ന മദ്യമുണ്ട്. അതുപോലെ കള്ള്, വ്യാജ വാറ്റ് വഴിയുള്ള മദ്യം, വിദേശ ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly